I ഇ.ബി. XV- കേരള നിയമസഭ/V-5

**പതിനഞ്ചാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2022 ജൂലൈ 05, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

13(*121) <u>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവീസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക, കിഫ്ബി ലോൺ മുഖാന്തിരവും പ്ലാൻ ഫണ്ടുപയോഗിച്ചും വാങ്ങുന്ന പുതിയ ബസ്സുകൾ, നിലവിലെ ദീർഘദൂര ബസ്സുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് എന്ന സ്വതന്ത്രകമ്പനി രൂപീകരിച്ചിട്ടുള്ളതെന്നും കമ്പനിയുടെ ഡയറക്ടർമാരെ നിശ്ചയിക്കുന്നത് സർക്കാരാണെന്നും ഇതൊരു സ്വകാര്യ കമ്പനിയല്ലെന്നും

സഭയെ അറിയിച്ചു. കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ്-നായി 116 ബസുകൾ വാങ്ങിയിട്ടുണ്ടെന്നും ബസ്സുകൾ ഓടിക്കുന്നതിനാവശ്യമായ 489 ഡ്രൈവർ-കം-കണ്ടക്ടർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്നും പ്രസ്തുത തസ്തികയിൽ അർഹരായ എം.പാനൽ ജീവനക്കാർക്ക് പ്രഥമ പരിഗണന നൽകിയിട്ടുണ്ടെന്നും മാനേജ്മെന്റ് തലത്തിലുള്ള പുതിയ 5 തസ്തികകളിലേയ്ക്ക് 5 വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 10 വർഷത്തേക്കുള്ള ഒരു താത്കാലിക കമ്പനിയായതിനാൽ നിയമനങ്ങളെല്ലാം കരാർ അടിസ്ഥാനത്തിൽ മാത്രമാണ് നടത്തുന്നത്. കെ.എസ്.ആർ.ടി.സി.-യെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ശമ്പളമുൾപ്പെടെയുള്ള പ്രവർത്തനച്ചെലവ് കുറവാണെന്നും ടി കമ്പനിയിൽ നിന്ന് ലഭിക്കുന്ന വരുമാനം കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിലേയ്ക്കാണ് അടയ്ക്കുന്നതെന്നും 10 വർഷത്തിനുശേഷം കമ്പനിയുടെ വസ്തുവകകൾ കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുമെന്നും കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുക എന്നതാണ് കമ്പനിയുടെ ഉദ്ദേശ്യമെന്നും മന്ത്രി വ്യക്തമാക്കി. സി.എൻ.ജി.-യുടെ ക്രമാതീതമായ വിലവർദ്ധനവ് കാരണം ടി ബസ്സുകൾ

വാങ്ങുന്ന കാര്യം പുനഃപരിശോധിക്കുന്നതാണ്. EPKM (Earnings Per Kilometre)-ന് അനുസൃതമായി ബസ് റൂട്ടുകളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ടെന്നും സാമൂഹ്യ പ്രതിബദ്ധതയുള്ള റൂട്ടുകളിൽ സർവ്വീസുകൾ നിർത്തലാക്കരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഗ്രാമവണ്ടി പദ്ധതിപ്രകാരം ഏത് റൂട്ടിലും ബസ് അനുവദിക്കാൻ തയ്യാറാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14(*122) <u>കെ.എസ്.ആർ.ടി.സി.-ക്ക് സി. എൻ.ജി. ബസ്സുകൾ</u>

ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി.-യിലെ വിവിധ ശ്രേണിയിലുള്ള അഞ്ച് ബസ്സുകൾ പരീക്ഷണാർത്ഥം CNG-യിലേക്ക് മാറ്റുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ടെന്നും സി.എൻ.ജി.-യുടെ വിലവർദ്ധനവുകാരണം ടി ബസ്സുകൾ വാങ്ങുന്നതിന് അന്തിമ തീരുമാനമെടുത്തിട്ടില്ലെന്നും സഭയെ അറിയിച്ചു. കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്ന ഡീസലിന് വിപണി വിലയേക്കാൾ കൂടിയ നിരക്ക് ഈടാക്കുന്നതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നിയന്ത്രിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള യാത്രാഫ്യൂവൽസ് റീട്ടെയിൽ ഔട്ട്‌ലെറ്റുകളിൽ നിന്നും സ്വകാര്യ പമ്പുകളിൽ

നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അളവിലെ കൃത്യതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിലുള്ള പ്രയാസവും ഇന്ധനം നിറയ്ക്കുന്നതിന് അധികദൂരം വാഹനം ഓടിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന പാഴ്ച്ചെലവുകളും ക്രെഡിറ്റ് സൗകര്യം ലഭ്യമല്ലാത്തതും കാരണം സ്വകാര്യ പമ്പുകളിൽ നിന്ന് ഇന്ധനം നിറയ്ക്കുന്നത് പ്രായോഗികമല്ലെന്നും മന്ത്രി വ്യക്തമാക്കി. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ടെന്നും ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ടെന്നും പ്രതിമാസം 11 കോടി രൂപയോളം ടിക്കറ്റിതര വരുമാനം ലഭിക്കുന്നുണ്ടെന്നും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകളിൽ ആവശ്യമായ ക്രമീകരണം നടത്തിയാൽ മാത്രമെ കേരളത്തിലെവിടെയും സഞ്ചരിക്കാനുതകുന്ന ഗിഫ്റ്റ് കാർഡ് സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് നടപടി

സ്വീകരിക്കുമെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി അറിയിച്ചു.

15(*123) <u>ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി നിയമിച്ച ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും പരമ്പരാഗത പഠന-ബോധന രൂപങ്ങളും അവയുടെ ഓൺലൈൻ രൂപങ്ങളും പഠിതാവിന്റെ അറിവുല്പാദന ലക്ഷ്യങ്ങൾക്ക് യോജിച്ച വിധത്തിൽ സംയോജിപ്പിക്കുന്നതിന് യുക്തിസഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മൾട്ടി മേജർ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഏത് വിഷയവും പഠിക്കാൻ കഴിയുന്ന വിധത്തിൽ നിയമങ്ങൾ ലഘൂകരിക്കണമെന്നും ഇന്റർഡിസിപ്ലിനറിയായി കൂടുതൽ കോഴ്സുകൾ ആരംഭിക്കാനും ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സമഗ്ര കരിക്കുലം സിലബസ് പരിഷ്കരണം നടത്താനും ക്ലാസ് റൂമുകളിൽ മെച്ചപ്പെട്ട ഡിജിറ്റൽ സംവിധാനങ്ങൾ

ഒരുക്കാനും കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. സർവ്വകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നതിന് ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടെന്നും ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് നിയോഗിച്ച പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായ ആറംഗ സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ LMS (Learning Management System) അടക്കമുള്ള സംവിധാനങ്ങളിൽ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന പരിപാടികൾ ആരംഭിക്കുകയും സംസ്ഥാനത്തെ വിവിധ കോളേജുകളിലെയും സർവ്വകലാശാലകളിലെയും അദ്ധ്യാപകർ തയ്യാറാക്കുന്ന കോഴ്സ് മെറ്റീരിയൽസ് സമാഹരിച്ച് സൂക്ഷിക്കുന്നതിന് ഡിജിറ്റൽ റിപ്പോസിറ്ററി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. Blended Learning mode തുടർന്നുപോകുന്നതിനാവശ്യമായ ക്രമീകരണങ്ങൾ കരിക്കുലം ഫ്രെയിംവർക്കിലും സിലബസിലും വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുമെന്നും 30 ഇന്റർഡിസിപ്ലിനറി റിസർച്ച് കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും റൂസ-III-ൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി എസ്.ബി.

കോളേജിന് ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16(*124) <u>ദേശീയ വിദ്യാഭ്യാസ നയം</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച് പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായ ആറംഗ സമിതി വിശദമായ പഠനവും പരിശോധനയും നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ദേശീയ വിദ്യാഭ്യാസ നയവും യു.ജി.സി. നിർദ്ദേശങ്ങളും സംബന്ധിച്ച ശില്പശാല സംഘടിപ്പിച്ച് അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് നടപ്പിലാക്കുന്നതുമൂലം വിദ്യാഭ്യാസ രീതിയിലുണ്ടാകുന്ന സമൂലമായ മാറ്റങ്ങൾ ചർച്ച ചെയ്ത് മേൽനടപടികൾ പരിശോധിച്ചുവരുന്നതായും സഭയെ അറിയിച്ചു. കോളേജുകളെ സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റി അഫിലിയേഷൻ സംവിധാനം അവസാനിപ്പിക്കുന്നത് കേരളത്തിൽ പ്രതിലോമകരമായ സ്ഥിതിയുണ്ടാക്കും. പ്രാന്തവത്കൃത വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കും നേതൃനിരയിലേയ്ക്കും കൊണ്ടുവരുന്നതിനുള്ള യാതൊരു നിർദ്ദേശങ്ങളും കേന്ദ്ര വിദ്യാഭ്യാസ നയത്തിലില്ല. അങ്കണവാടി മുതൽ റിസർച്ച് വരെയുള്ള എല്ലാ പഠന പ്രവർത്തനങ്ങളെയും പ്രധാനമന്ത്രി

അദ്ധ്യക്ഷനായ രാഷ്ട്രീയ ശിക്ഷാ ആയോഗിന് കീഴിൽ കൊണ്ടുവരുന്ന രീതിയിലുള്ള കേന്ദ്ര വിദ്യാഭ്യാസ നയരേഖ അധികാര കേന്ദ്രീകരണത്തിനും ഫെഡറൽ തത്വങ്ങളുടെ ലംഘനത്തിനും വഴിതെളിക്കുമെന്നും 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ അക്കാദമിക് പശ്ചാത്തല സൗകര്യങ്ങൾ സർവ്വകലാശാലകളിലും കോളേജുകളിലും അധികമായി കണ്ടെത്തേണ്ടിവരുമെന്നും ഇത് വിദ്യാർത്ഥികളുടെ പഠനച്ചെലവ് വർദ്ധിക്കാനും തന്മൂലം പഠനം പൂർത്തീകരിക്കാതെ പുറ<u>ത്തു</u>പോകുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. പുതിയ കോഴ്സുകൾ ആരംഭിക്കുകയും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും ഉന്നതവിദ്യാഭ്യാസ മേഖലയിൽ ലോകോത്തര സ്ഥാപനങ്ങൾ വാർത്തെടുക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.